## 15 -ാം കേരള നിയമസഭ

## 4 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1714** **15-03-2022 - ൽ മറുപടിയ്ക്ക്**

## പ്ലാനറ്റോറിയത്തിൽ സ്ഥാപിക്കുന്നതിനായി വിദേശത്ത് നിന്ന് ഇറക്കുമതി ചെയ്ത ഉപകരണങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്‌കുമാർ ജോസഫ് | | null<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ചാലക്കുടി മേഖലാ ശാസ്ത്ര കേന്ദ്രത്തിലെ പ്ലാനറ്റോറിയത്തിൽ സ്ഥാപിക്കുന്നതിനായി വിദേശത്ത് നിന്ന് ഇറക്കുമതി ചെയ്തിട്ടുള്ള ഉപകരണങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | ചാലക്കുടി മേഖലാ ശാസ്ത്ര കേന്ദ്രത്തിലെ പ്ളാനറ്റോറിയത്തിൽ സ്ഥാപിക്കുന്നതിനായി പ്രൊജക്ഷൻ ഡോം, പ്രൊജക്ഷൻ സിസ്റ്റം എന്നിവയാണ് വിദേശത്തു നിന്ന് ഇറക്കുമതി ചെയ്തിട്ടുള്ളത്. |
| (ബി) | പ്രസ്തുത ഉപകരണങ്ങൾ ഓരോന്നിന്റെയും വില വിവരവും ഇറക്കുമതി ചെയ്ത തീയതിയും വെളിപ്പെടുത്തുമോ; | (ബി) | പ്രൊജക്ഷൻ ഡോമിന് 2,18,252 യു.എസ്. ഡോളറും പ്രൊജക്ഷൻ സിസ്റ്റത്തിന് 6,53,224 യു.എസ്. ഡോളറുമാണ് വില. പ്രൊജക്ഷൻ ഡോം 2020 ജനുവരിയിലും പ്രൊജക്ഷൻ സിസ്റ്റം 2021 മാർച്ചിലും മേഖലാ ശാസ്ത്ര കേന്ദ്രത്തിൽ എത്തിച്ചു. |
| (സി) | പ്രസ്തുത ഉപകരണങ്ങൾക്ക് ഗ്യാരന്റി ഉണ്ടോ; ഉണ്ടെങ്കിൽ അത് എത്ര നാളത്തേക്കാണെന്നും നിലവിൽ ഗ്യാരന്റി കാലാവധി കഴിഞ്ഞിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ; | (സി) | ഉപകരണങ്ങൾക്ക് ഗ്യാരന്റി ഇല്ല. വാറന്റി ഉണ്ട്. ഇവ സ്ഥാപിച്ച ശേഷം 5 വർഷത്തേയ്ക്കാണ് വാറന്റി. നിലവിൽ ഉപകരണങ്ങൾ സ്ഥാപിക്കാത്തതിനാൽ വാറന്റിയുടെ കാലാവധി ആരംഭിച്ചിട്ടില്ല. |
| (ഡി) | പ്രസ്തുത ഉപകരണങ്ങൾ നാളിതുവരെയായി സ്ഥാപിക്കാത്തതിന്റെ കാരണം വിശദീകരിക്കുമോ; ഈ ഉപകരണങ്ങൾ നിലവിൽ എവിടെയാണ് സൂക്ഷിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (ഡി) | 2017-ൽ ആരംഭിച്ച പ്ലാനറ്റോറിയം കെട്ടിടത്തിന്റെ പണി 2021 ജനുവരിയിലാണ് പൂർത്തിയായത്. 2021 ജനുവരിയിൽ പ്രൊജക്ഷൻ ഡോം സ്ഥാപിക്കാൻ, അതിന്റെ ചുമതലയുണ്ടായിരുന്ന 'ആർ.എസ്.എ കോസ്മോസ് ' എന്ന സ്ഥാപനത്തിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ അന്താരാഷ്ട്ര യാത്രയ്ക്കാവശ്യമായ വിസ ലഭ്യമല്ലാതിരുന്നതിനാൽ ഇത് സ്ഥാപിക്കുന്നതിനായി സാങ്കേതിക വിദഗ്ദ്ധർക്ക് വിദേശത്ത് നിന്നും എത്തിച്ചേരാൻ കഴിഞ്ഞില്ല. തുടർന്ന് പ്ലാനറ്റോറിയം കെട്ടിടത്തിന്റെ മകുടത്തിൽ നിന്നും ചോർച്ച ഉണ്ടായതിനാലാണ് ഉപകരണങ്ങൾ സ്ഥാപിക്കാൻ കഴിയാത്തത്. ഈ ഉപകരണങ്ങൾ നിലവിൽ മേഖലാ ശാസ്ത്രകേന്ദ്രത്തിലെ കെട്ടിടങ്ങളിലെ രണ്ട് മുറികളിലായാണ് സൂക്ഷിച്ചിരിക്കുന്നത്. |
| (ഇ) | പ്ലാനറ്റോറിയം പൊതുജനങ്ങൾക്ക് എന്നത്തേയ്ക്ക് | (ഇ) | പ്ളാനറ്റോറിയം കെട്ടിടത്തിലെ മകുടത്തിന്റെ |

| | | | |
|---|---|---|---|
| | തുറന്നു കൊടുക്കുമെന്ന് വെളിപ്പെടുത്തുമോ? | | ചോർച്ച പരിഹരിക്കുന്നതിനായി ഒരു ടെക്നിക്കൽ കമ്മറ്റി രൂപീകരിച്ച് കമ്മറ്റിയുടെ നിർദ്ദേശാനുസരണം നടപടികൾ ആരംഭിച്ചിട്ടുണ്ട്. വിദേശത്ത് നിന്ന് സാങ്കേതിക വിദഗ്ദ്ധർ എത്തുന്ന മുറയ്ക്ക് ഉപകരണങ്ങൾ സ്ഥാപിച്ച് പ്ളാനറ്റേറിയം പൊതുജനങ്ങൾക്കായി തുറന്ന് കൊടുക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ